# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1304 11.02.2016 -ൽ മറുപടിക്ക്**

## സേഫ് കോറിഡോർ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.റ്റി.പി യുടെ സേഫ് കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ഹെൽത്ത് സർവ്വീസ് ഡയറക്ടറുടെ പക്കൽ നിന്നും കെ.എസ്.ടി.പിയ്ക്ക് ലഭിച്ചിരുന്നു. ലോക ബാങ്ക് ധനസഹായത്തോടെ മാതൃകാ സുരക്ഷാ ഇടനാഴിയായി കെ.എസ്.ടി.പി യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന 80 കി.മീ ദൈർഘ്യം വരുന്ന കഴക്കൂട്ടം - അടൂർ റോഡിൽ, റോഡ് സുരക്ഷയിൽ അന്താരാഷ്ട്ര തലത്തിലുള്ള ഏറ്റവും ഉത്തമമായ പ്രയോഗങ്ങൾ നടപ്പാക്കിയാണ് മാതൃകാ സുരക്ഷാപാതയായി വികസിപ്പിക്കുന്നത്. ആയതിന് മറ്റു തൽപര വകുപ്പുകളുമായി ചേർന്നു റോഡ് സുരക്ഷയിലെ ഉത്തമ പ്രവൃത്തികൾ എങ്ങനെ ഫലവത്തായി നടപ്പാക്കാം എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുക, കൺസൾട്ടൻസി സർവ്വീസ്, സിവിൽ വർക്ക്സ് തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പദ്ധതി അംഗീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കാൻ | (ബി) | ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലോകബാങ്കിന്റെ മാർഗ്ഗ |

| | |
|---|---|
| എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നുള്ള വിശദാംശം വ്യക്തമാക്കാമോ? | നിർദ്ദേശങ്ങൾ അനുസരിച്ച് വാങ്ങുവാനുള്ള അംഗീകാരം കെ.എസ്.ടി.പി യുടെ സ്റ്റീയറിംഗ് കമ്മിറ്റി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ലോക ബാങ്കിന്റെ NOC ലഭിക്കുന്നതിനായി അയയ്ക്കുകയുണ്ടായി. ഈ പദ്ധതി വിദഗ്ധരായ റോഡ് സുരക്ഷാ കൺസൾട്ടന്റ് മുഖേന നടപ്പാക്കാനുള്ളതിനാൽ പ്രസ്തുത കൺസൾട്ടന്റിന്റെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കാം എന്ന് ലോകബാങ്ക് കെ.എസ്.ടി.പിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സിവിൽ വർക്കിന്റേയും, റോഡ് സുരക്ഷാ വർക്കിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കി ലോകബാങ്കിന്റെ NOC ലഭിക്കുന്നതിനായി അയച്ചിട്ടുണ്ട്. NOC ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. സിവിൽ വർക്കും, റോഡ് സുരക്ഷാ വർക്കും പൂർത്തീകരിച്ചതിന് ശേഷം മാത്രമേ മറ്റ് തൽപര വകുപ്പുകളുമായി ചേർന്നുള്ള മാതൃകാ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. ഈ പദ്ധതിയ്ക്ക് വേണ്ടി നീക്കി വെച്ചിട്ടുള്ള തുക റോഡ് സുരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ ഉതകും വിധത്തിൽ അനുയോജ്യമായ പദ്ധതികൾക്കായി എങ്ങനെ വിനിയോഗിക്കാം എന്ന് വിദഗ്ധരായ കൺസൾട്ടന്റുകൾ നിർദ്ദേശിക്കുന്ന പ്രകാരം വിനിയോഗിക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ